بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

ഖുത്ബ
21.5.2004
ജർമ്മനി

# ഖിലാഫത്തിനെ ധിക്കരിക്കുന്നവൻ ജമാഅത്തിനെയല്ല, തന്നെത്തന്നെയാണ് നശിപ്പിക്കുന്നത്

وَعَدَ اللّٰهُ الَّذِيْنَ اٰمَنُوْا مِنْكُمْ وَعَمِلُوا الصّٰلِحٰتِ
لَيَسْتَخْلِفَنَّهُمْ فِي الْاَرْضِ كَمَا اسْتَخْلَفَ الَّذِيْنَ مِنْ
قَبْلِهِمْ وَلَيُمَكِّنَنَّ لَهُمْ دِيْنَهُمُ الَّذِي ارْتَضٰى لَهُمْ
وَلَيُبَدِّلَنَّهُمْ مِّنْ بَعْدِ خَوْفِهِمْ اَمْنًا يَعْبُدُوْنَنِيْ
لَا يُشْرِكُوْنَ بِيْ شَيْـًٔا وَمَنْ كَفَرَ بَعْدَ ذٰلِكَ فَاُولٰٓئِكَ
هُمُ الْفٰسِقُوْنَ (24:56)

ഇതിന്റെ തർജമ: "നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽക്കർമങ്ങളനുഷ്ഠിക്കുകയും ചെയ്യുന്നവരോട്, അവർക്ക് മുമ്പുള്ളവരെ ഖലീഫമാരാക്കിയതുപോലെ തീർച്ചയായും അവരേയും ഭൂമിയിൽ ഖലീഫമാരാക്കുകയും അവർക്കായി അവൻ തൃപ്തിപ്പെട്ട മതത്തെ അവർക്ക് പ്രബലപ്പെടുത്തിക്കൊടുക്കുകയും, അവരുടെ ഭയത്തിനുശേഷം രക്ഷയും സമാധാനവും അവർക്ക് പകരം നല്കുകയും ചെയ്യുന്നതാണെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അവർ എന്നെ മാത്രം ആരാധിക്കുന്നതാണ്; എന്നോടു മറ്റൊന്നിനെയും അവർ പങ്കുചേർക്കുകയില്ല. അതിനുശേഷം ആരെങ്കിലും നിഷേധിക്കുകയാണെങ്കിൽ അവർ തന്നെയാണ് ധിക്കാരികൾ." (24:56)

ഈ വചനത്തിൽ അല്ലാഹുതആല മുസ്‌ലീംകളോട് ഖിലാഫത്തിനെ സംബന്ധിച്ച് വാഗ്ദാനം ചെയ്തിരിക്കുന്നു. പക്ഷേ, നിബന്ധനകൾ വെച്ചുകൊണ്ടാണ് പറഞ്ഞത്, ആ നിബന്ധനകൾ പാലിച്ചാൽ നിങ്ങളിൽ ഖിലാഫത്ത് നിലനില്ക്കുന്നതാണെന്ന്. ഇങ്ങനെയായിട്ടും ഖിലാഫത്തെ റാശിദ ഇസ്‌ലാമിന്റെ ആരംഭകാലത്ത് വെറും മുപ്പതു വർഷമേ നിലനിന്നുള്ളൂ. അതിന്റെ അവസാന വർഷങ്ങളിൽ ഖിലാഫത്തിനെതിരിൽ ഫിത്ന ഉണ്ടാകുകയും ഖലീഫമാരോട് അപമര്യാദയായി പെരുമാറുകയും, ഖലീഫമാരെ മുസ്‌ലീംകൾ ശഹീദാക്കുകയും ചെയ്തു. അതിനുശേഷം ഖിലാഫത്തെ റാശിദ അവസാനിച്ചു. പിന്നീട് രാജവാഴ്ചയുടെ കാലംവന്നു ഇതെല്ലാം അല്ലാഹു ഈ വചനത്തിൽ പറഞ്ഞിരുന്നതാണ്. പറഞ്ഞു: നിങ്ങൾ നന്ദികേടുകാണിച്ചാൽ നിങ്ങൾ അധർമ്മകാരികളായിത്തീരും. അധർമ്മകാരികളേയും നന്ദികേട്ടവരേയും അല്ലാഹു സഹായിക്കാറില്ല. എന്തായാലും ഇസ്‌ലാമിന്റെ ആദ്യ പതിമൂന്നു നൂറ്റാണ്ട് വിവിധ അവസ്ഥകളിലാണ് കടന്നുപോയത്. അക്രമവാഴ്ചയിലൂടെയും സ്വേച്ഛാധിപത്യവാഴ്ചയിലൂടെയും ഖിലാഫത്ത് കടന്നു. പിന്നീട് മുജദ്ദിദീംകളും ജന്മം കൊണ്ടിരുന്നു; ആ കാലഘട്ടത്തിൽ ദീനിനെ പരിഷ്ക്കരിക്കുന്നതിനു വേണ്ടി.

ഇതൊരു വേറിട്ട വിഷയമാണ്. ഞാനിപ്പോൾ അതിനെക്കുറിച്ച് ഇവിടെ പറയുന്നില്ല. ഞാൻ പറയാൻ ഉദ്ദേശിക്കുന്നത് ഇതാണ്: അല്ലാഹുതആല നബി (സ)ന് സുവാർത്തകൾ നല്കിയിരുന്നു. അല്ലാഹുവിൽ നിന്ന് അറിവ് സമ്പാദിച്ചുകൊണ്ട് നബി (സ) പ്രവചനവും ചെയ്തിരുന്നു. ഇതനുസരിച്ച് വാഗ്ദത്ത മസീഹിന്റെ കാലത്തോടെ ഖിലാഫത്തിന്റെ പരമ്പര ആരംഭിക്കേണ്ടതുണ്ടായിരുന്നു. ഈ ഖിലാഫത്തിന്റെ പരമ്പര അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് എന്നെന്നും നിലനില്ക്കേണ്ടതുണ്ട്. നിലനില്ക്കുന്നതുമാണ്. ഇൻശാഅല്ലാഹ്. ഹദീസിൽ വന്നിരിക്കുന്നു. ഹസ്റത്ത് ഹുദയ്ഫാ (റ) നിവേദനം ചെയ്യുന്നു. നബി (സ) പറഞ്ഞു:

"നിങ്ങൾക്കിടയിൽ നുബുവ്വത്തുണ്ടാകും. അല്ലാഹു ഉദ്ദേശിക്കുന്നയത്ര അതു നിലനില്ക്കും. അല്ലാഹു പിന്നീട് അതിനെ ഉയർത്തുന്നതാണ്. പിന്നീട് നുബുവ്വത്തിന്റെ പാതയിൽ ഖിലാഫത്ത് വരും. അല്ലാഹു ഉദ്ദേശിക്കുന്നയത്ര അതു നിലനില്ക്കും. പിന്നീട് അല്ലാഹു അതിനെ ഉയർത്തുന്നതാണ്. പിന്നീട് അവന്റെ വിധിയനുസരിച്ച് അക്രമവാഴ്ച വരും. ജനങ്ങൾ ഇതിൽ വിഷമിക്കും. ഞെരുക്കം അനുഭവിക്കും. അല്ലാഹു ഉദ്ദേശിക്കുന്ന കാലമത്രയും അതവശേഷിക്കും. അവനുദ്ദേശിക്കുമ്പോൾ അതെടുത്തുകളയും. പിന്നീട് സ്വേച്ഛാധിപത്യവാഴ്ചയുണ്ടാകും. അല്ലാഹു ഉദ്ദേശിക്കുന്നകാലം അതു നിലനില്ക്കും. അങ്ങനെ അല്ലാഹുവിന്റെ കരുണ അലതല്ലും. പിന്നീട് അല്ലാഹു അതെടുത്തു കളയുന്നതാണ്. പിന്നീട് നുബുവ്വത്തിന്റെ പാതയിൽ ഖിലാഫത്ത് വരും. ശേഷം നബി (സ) മൗനം പാലിച്ചു."

നമ്മൾ ഭാഗ്യവാന്മാരാണ്. ഈ പ്രവചനം ഇക്കാലത്ത് പുലർന്നുകൊണ്ടിരിക്കുന്നത് നാം കണ്ടുകൊണ്ടിരിക്കുന്നു. ഈ എന്നെന്നും നിലനില്ക്കുന്ന ഖിലാഫത്തിന്റ സാക്ഷികളായിത്തീർന്നിരിക്കുന്നു. എന്നല്ല അതിൽ വിശ്വസിക്കുന്നവരിൽപ്പെടുകയും ചെയ്തിരിക്കുന്നു. അതിന്റെ അനുഗ്രഹത്തിൽ ഭാഗഭാക്കാകുന്നവരായിത്തീരുകയും ചെയ്തിരിക്കുന്നു.

ഒരു ഹദീസിൽ വന്നിട്ടുണ്ട്. നബി (സ) തിരുമേനി പറഞ്ഞു: എന്റെ സമുദായം ഒരു അനുഗ്രഹീത സമുദായമാകുന്നു. അതിന്റെ ആദ്യമാണോ അവസാ

നമാണോ ഉത്തമമെന്ന് വിവേചിച്ചറിയാൻ പറ്റുകയില്ല. അതായത് രണ്ടു ഭാഗവും പ്രതാപത്തിന്റേയും പ്രൗഢിയുടേതുമായിരിക്കും. ഈ അവസാന കാലത്തെ സംബന്ധിച്ച് നബി (സ) തന്നെ അതെങ്ങനെയായിരിക്കുമെന്ന് പറയുകയുണ്ടായി. ഹസ്റത്ത് അബൂഹുറയ്റ (റ) നിവേദനം ചെയ്യുന്നു. ഞങ്ങൾ നബി (സ) യുടെ സന്നിധിയിൽ ഇരിക്കുകയായിരുന്നു. അപ്പോൾ 'സൂറത്തുൽ ജുമുഅ' ഇറങ്ങാൻ തുടങ്ങി. 'വ ആഖരീന മിൻഹും ലമ്മാ യൽഹഖൂബിഹിം'വരെ നബി (സ) തിരുമേനി ഓതിക്കേൾപ്പിച്ചു. (ഇതിന്റെ അർത്ഥം പിന്നീട് വരുന്ന കുറേ ആളുകളും സ്വഹാബികളായ ഞങ്ങളിൽ ഉൾപ്പെടും, ഇപ്പോൾ ഞങ്ങളുമായി അവർ ചേർന്നിട്ടില്ല എന്നാണ്.) അപ്പോൾ ഒരാൾ ചോദിച്ചു. അല്ലാഹുവിന്റെ റസൂലേ സ്വഹാബികളുടെ പദവിയുള്ള, ഇതുവരെ ഞങ്ങളുമായി ചേർന്നിട്ടില്ലാത്ത അക്കൂട്ടർ ആരാണ്? നബി (സ) ആ ചോദ്യത്തിനു മറുപടി നല്കിയില്ല. ആ സ്വഹാബി മൂന്നു പ്രാവശ്യം ചോദ്യം ആവർത്തിച്ചു. നിവേദകൻ പറയുന്നു. ഞങ്ങളുടെയിടയിൽ ഹസ്റത്ത് സൽമാനുൽ ഫാരിസി (റ) ഇരിപ്പുണ്ടായിരുന്നു. നബി (സ) തന്റെ കൈ അദ്ദേഹത്തിന്റെ തോളിൽ വെച്ചുകൊണ്ടു പറഞ്ഞു: 'ഈമാൻ സുറയ്യാ (കാർത്തിക നക്ഷത്രം)യുടെ അടുത്തായാലും - അതായത് ഭൂമിയിൽ നിന്ന് ഉയർന്ന് പോയാലും ഇവരിൽപ്പെട്ട ചിലയാളുകൾ അതിനെ തിരിച്ചുകൊണ്ടുവരും.' അതായത് അവസാനകാലത്ത് വരുന്നവർ എന്നതുകൊണ്ടുള്ള വിവക്ഷിതം, വാഗ്ദത്തമസീഹ് വെളിപ്പെടുമ്പോൾ അദ്ദേഹത്തെ വിശ്വസിക്കുന്നവരും അദ്ദേഹത്തിന്റെ സാമീപ്യം പ്രാപിക്കുന്നവരും സ്വഹാബത്തിന്റെ പദവിയിലുള്ളവരായിരിക്കുമെന്നാണ്.

ഹസ്റത്ത് മസീഹ് മൗഊദ് (അ)നെ അല്ലാഹു ഇക്കാലത്ത് സൃഷ്ടിച്ചു. ആ കാലം കാണാനുള്ള തൗഫീഖ് അല്ലാഹു നമുക്ക് നല്കി. നബി (സ) തിരുമേനി ഇതിന് കൊടുത്തിട്ടുള്ളത് തന്റെ കാലത്തിന്റെ അതേ പദവിതന്നെയാണ്. അതുകൊണ്ട് ഈ പ്രവചനമനുസരിച്ച് 'ഖിലാഫത്തുൻ അലാമിൻ ഹാജുൻ നുബുവ്വത്തും' നിലവിൽ വരേണ്ടത് ആവശ്യമായിരുന്നു. വാഗ്ദത്ത മസീഹിനു ശേഷം വരുന്ന ഖിലാഫത്ത് താൽക്കാലികമല്ല. അനശ്വരമായിരിക്കുമെന്നും പറഞ്ഞിരിക്കുന്നു. ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ വാക്കുകളിൽ ഞാൻ ഈ വചനത്തെ കുറച്ച് വിശദീകരിക്കാം. അവിടന്ന് പറയുന്നു:

"ചുരുക്കിപ്പറഞ്ഞാൽ രണ്ടു വിധത്തിലുള്ള ദിവ്യശക്തികൾ (ഖുദ്റത്തുകൾ) അല്ലാഹു വെളിപ്പെടുത്തുന്നു. ഒന്നാമതായി നബിമാരുടെ കൈകൾ കൊണ്ടുതന്നെ തന്റെ ദിവ്യശക്തിയുടെ ഹസ്തം കാണിക്കുന്നു. രണ്ടാമതായി നബിയുടെ മരണശേഷം വിഷമങ്ങൾ നേരിടേണ്ടിവരികയും ശത്രുവളരെ ശക്തിപ്രാപിക്കുകയും നബിയുടെ ദൗത്യം ആകെ കുഴപ്പത്തിലായെന്നും ഈ ജമാഅത്ത് ഇപ്പോൾ നശിക്കാൻ പോകുകയാണെന്ന് ഉറപ്പിച്ചുകൊണ്ട് അതിലെ അംഗങ്ങൾ തന്നെ അതിന്റെ ഭാവിയെക്കുറിച്ച് സംശയാലുക്കളാകുകയും നിരാശപ്പെട്ടു തുടങ്ങുകയും അവരുടെ നടുവൊടിഞ്ഞ നിലയിൽ നിർഭാഗ്യരായിട്ടുള്ള നിരവധിപേർ മതനിരാസത്തിലേക്കുള്ള വഴിയിൽ നീങ്ങുകയും ചെയ്യുമ്പോൾ സർവശക്തനായ അല്ലാഹു രണ്ടാംതവണ തന്റെ പ്രബലമായ ദിവ്യശക്തി വെളിപ്പെടുത്തുകയും തകർച്ചയിലേക്കെത്തിയ ജമാഅത്തിനെ താങ്ങിയെടുത്ത് രക്ഷിക്കുകയും ചെയ്യുന്നു. ചുരുക്കത്തിൽ അന്ത്യം വരെ സഹനം കൈക്കൊള്ളുന്നവർക്ക് അല്ലാഹുവിന്റെ ഈ അത്ഭുത ദൃഷ്ടാന്തം കാണാൻ കഴിയുന്നു; ഹസ്റത്ത് അബൂബക്കർ സിദ്ദീഖ് (റ) ന്റെ കാലത്തു സംഭവിച്ചതുപോലെ. നബി (സ) യുടെ മരണം ഒരു അകാലമരണമായി കരുതപ്പെടുകയും വിവേകശൂന്യരായ നിരവധി ബദ്‌വികൾ മുർത്തദ്ദുകളായിപ്പോകുകയും സ്വഹാബിമാരും ദു:ഖഭാരത്താൽ ഭ്രാന്തുപിടിച്ചവരെപ്പോലെയായിത്തീരുകയും ചെയ്തപ്പോൾ അല്ലാഹു അബൂബക്കർ സിദ്ദീഖിനെ എഴുന്നേല്പിച്ചുകൊണ്ട് രണ്ടാമത് തന്റെ ദിവ്യശക്തിയുടെ ഹസ്തം നീട്ടിക്കാണിക്കുകയും ഇസ്‌ലാമിനെ നാശത്തിൽനിന്ന് രക്ഷിക്കുകയും ചെയ്തു. അങ്ങനെ അല്ലാഹു 'വലയുമക്കിനന്നലഹും ദീനഹുമുല്ലദിർ തളാലഹും വല യുബദ്ദിലന്നഹും മിൻബഅ്ദി ഖൗഫിഹിം അംനാ' (അവർക്കായി അവൻ തൃപ്തിപ്പെട്ട മതം അവൻ അവർക്ക് ശക്തിപ്പെടുത്തിക്കൊടുക്കുകയും അവരുടെ ഭയപ്പാടിനു ശേഷം അവർക്ക് സമാധാനവും രക്ഷയും പ്രദാനം ചെയ്യുകയും ചെയ്യും) എന്നു പറഞ്ഞ അവന്റെ വാഗ്ദത്തം നിറവേറ്റുകയുണ്ടായി. ഇപ്രകാരം തന്നെ ഹസ്റത്ത് മൂസ്സാ (അ) യുടെ കാലത്തും സംഭവിച്ചു. ബനീ ഇസ്റായീലിനെ വാഗ്ദാനമനുസരിച്ചുള്ള ലക്ഷ്യസ്ഥാനത്ത് എത്തിക്കുന്നതിനു മുമ്പേ ഹസ്റത്ത് മൂസ്സാ (അ) മിസ്വറിനും (ഈജിപ്ത്) കൻആനും (ഫലസ്തീൻ) ഇടയ്ക്കുള്ള വഴിയിൽ വെച്ച് ചരമം പ്രകടിപ്പിച്ചു. അദ്ദേഹത്തിന്റെ വേർപാട് ബനീഇസ്റായീൽക്കാരിൽ വലിയ അലമുറകൾ സൃഷ്ടിച്ചു. ഈ അകാലചരമം, ഹസ്റത്ത് മൂസ്സാ നബി (അ) യുടെ അപ്രതീക്ഷിതമായ ഈ വേർപ്പാടുകാരണം ബനീഇസ്റായീൽ നാൽപതു ദിവസം കരഞ്ഞുകൊണ്ടിരുന്നതായി തൗറാത്തിൽ എഴുതിയിരിക്കുന്നു. ഇപ്രകാരം തന്നെയാണ് ഹസ്റത്ത് ഈസാ (അ) യുടെ കാലത്തും സംഭവിച്ചത്. കുരിശുസംഭവവേളയിൽ മുഴുവൻ ഹവാരീംകളും ഒറ്റതിരിഞ്ഞുപോകുകയും ഒരാൾ മതമുപേക്ഷിക്കുകയും ചെയ്തു.

അതുകൊണ്ടു അല്ലയോ പ്രിയപ്പെട്ടവരേ, ശത്രുക്കളുടെ രണ്ടുതരം ആഹ്ലാദാഭാസങ്ങളെ തകർത്തുകാണിക്കുന്നതിനുവേണ്ടി അല്ലാഹു രണ്ടുതരം ദിവ്യശക്തി പ്രതിഭാസം കാണിക്കുന്നുവെന്നത്

അവന്റെ പണ്ടുപണ്ടേയുള്ള സുന്നത്താണ്. അല്ലാഹു തന്റെ പണ്ടുപണ്ടേയുള്ള ആ സുന്നത്തിനെ ഇപ്പോൾ ഉപേക്ഷിച്ചുകളയുക സംഭവ്യമല്ല. അതുകൊണ്ട് ഞാനിപ്പോൾ വിവരിച്ചുപറഞ്ഞ കാര്യങ്ങളിൽ നിങ്ങൾ ദു:ഖിതരാകരുത്. നിങ്ങൾ അസ്വസ്ഥരാകുകയുമരുത്. എന്തുകൊണ്ടെന്നാൽ, നിങ്ങളിൽ രണ്ടാം ഖുദ്റത്ത് വെളിപ്പെടുന്നത് നിങ്ങൾ കാണേണ്ടത് ആവശ്യമാകുന്നു. അതു വരുന്നത് നിങ്ങൾക്ക് കൂടുതൽ ഉത്തമമായിരിക്കും. കാരണം അത് എന്നെന്നും നിലനില്ക്കുന്നതാണ്. അതിന്റെ പരമ്പര ഖിയാമത്തുന്നാൾ വരെ മുറിഞ്ഞു പോകുന്നതല്ല. ഞാൻ പോകാത്തിടത്തോളം രണ്ടാം ഖുദ്റത്ത് വരുന്നതല്ല. ഞാൻ പോയിക്കഴിഞ്ഞാൽ അല്ലാഹു രണ്ടാം ഖുദ്റത്തിനെ നിങ്ങളിലേക്കയക്കും. ആ രണ്ടാം ഖുദ്റത്ത് അല്ലാഹു ബറാഹീനെ അഹ്മദിയ്യായിൽ വാഗ്ദത്തം ചെയ്തതു പ്രകാരം എന്നെന്നും നിങ്ങളിലുണ്ടായിരിക്കും. ആ വാഗ്ദത്തം എന്റെ വ്യക്തിത്വവുമായി ബന്ധപ്പെട്ടതല്ല. അത് നിങ്ങളെ സംബന്ധിച്ചുള്ള വാഗ്ദത്തമാണ്. അല്ലാഹു പറയുന്നു: 'നിന്നെ പിൻപറ്റിയ ജമാഅത്തിന് ഖിയാമത്തുനാൾവരെ മറ്റുള്ളവരുടെ മേൽ ഞാൻ വിജയം നല്കും.' അതുകൊണ്ട് ശാശ്വതമായ വാഗ്ദത്തത്തിന്റെ നാളുകൾ വരാൻ വേണ്ടി ഞാൻ നിങ്ങളിൽ നിന്ന് വേർപ്പെട്ടുപോകുന്ന ദിവസം വരേണ്ടത് അനുപേക്ഷണീയമാകുന്നു. നമ്മുടെ അല്ലാഹു വാഗ്ദത്തങ്ങൾ പൂർത്തിയാക്കുവാനും കൂറുപുലർത്തുന്നവനും വിശ്വസ്തനുമാകുന്നു. അവൻ വാഗ്ദത്തം ചെയ്ത സകലതും തന്നെ നിങ്ങൾക്കു കാണിച്ചുതരുന്നതാണ്. ഈ നാളുകൾ ലോകത്തിന്റെ അവസാന നാളുകളാകുന്നു. അനേക വിപത്തുകളും ദുരന്തങ്ങളും ഇറങ്ങുന്ന നാളുകളാണ്. അല്ലാഹു അറിയിച്ചുതന്ന കാര്യങ്ങളെല്ലാം പൂർത്തിയാകുന്നതുവരെ ഈ ലോകം നിലനില്ക്കേണ്ടതുതന്നെയാകുന്നു. ഞാൻ അല്ലാഹുവിൽ നിന്നുള്ള ഒരു ശക്തിപ്രതാപത്തിന്റെ രൂപത്തിൽ വെളിപ്പെട്ടിരിക്കുന്നു. ഞാൻ അല്ലാഹുവിന്റെ ഒരു ശരീരധാരിയായ ഖുദ്റത്താകുന്നു. എനിക്കുശേഷം ചില മറ്റവ്യക്തികളുമുണ്ടാകും. അവർ രണ്ടാമത്തെ ഖുദ്റത്തിന്റെ ദിവ്യശക്തിയുടെ പ്രതീകങ്ങളായിരിക്കും. അതുകൊണ്ട് നിങ്ങൾ അല്ലാഹുവിൽ നിന്നുള്ള രണ്ടാം ഖുദ്റത്തിന്റെ പ്രതീക്ഷയിൽ ഒന്നുചേർന്ന് പ്രാർത്ഥിച്ചുകൊണ്ടിരിക്കുക. രണ്ടാം ഖുദ്റത്ത് ദൈവിക സവിധത്തിൽനിന്നിറങ്ങുന്നതിനും, നിങ്ങളുടെ അല്ലാഹു അത്തരത്തിൽ സർവ്വശക്തനായ അല്ലാഹുവാണെന്ന് നിങ്ങൾ കാണുമാറാകുന്നതിനും സ്വാലിഹുകളുടെ ജമാഅത്ത് ഓരോ രാജ്യത്തും സംഘടിച്ച് പ്രാർത്ഥനയിൽ നിരതരാവേണ്ടതാണ്. മരണം നിങ്ങളുടെ അടുത്താണെന്ന് മനസ്സിലാക്കുക. എപ്പോഴാണ് ആ നിമിഷം വരുന്നതെന്ന് നിങ്ങൾക്കറിയില്ല.

പരിശുദ്ധമായ ആത്മാവോടുകൂടിയ ജമാഅത്തിലെ ആദരണീയൻ എന്റെ പേരിൽ എനിക്കുശേഷം ജനങ്ങളിൽ നിന്ന് ബൈഅത്ത് വാങ്ങേണ്ടതാണു. ഭൂമിയുടെ വ്യത്യസ്ത പ്രവാസകേന്ദ്രങ്ങളിൽ വസിക്കുന്നവർ, അവർ യൂറോപ്പിലാകട്ടെ, ഏഷ്യയിലാകട്ടെ എവിടെയുള്ളവരായിരുന്നാലും അവർ സൽപ്രകൃതരായിട്ടുള്ളവരാണെങ്കിൽ അവരെല്ലാം തൗഹീദ് - ഏകദൈവത്തിലേക്ക് വലിച്ചുകൊണ്ടുവരാനും തന്റെ ദാസരെ ഏകമതത്തിൽ ഒരുമിച്ചുകൂട്ടാനും അല്ലാഹു ആഗ്രഹിക്കുന്നു. ഇതുതന്നെയാണ് അല്ലാഹു എന്നെ ഈ ലോകത്തേക്ക് അയച്ചതിന്റെ ഉദ്ദേശ്യം. അതുകൊണ്ട് നിങ്ങൾ ഈ ലക്ഷ്യം പ്രാപിക്കുവാൻ പരിശ്രമിക്കുവിൻ. എന്നാൽ, അത് സൗമ്യതയോടും വിനയത്തോടും ഉദാത്ത ഭാവങ്ങളോടും പ്രാർത്ഥനയോടും കൂടി മാത്രമായിരിക്കണം. റൂഹുൽ ഖുദ്സ്, പരിശുദ്ധാത്മാവ് ലഭിച്ച് ആരെങ്കിലും എനിക്കുശേഷം എഴുന്നേല്ക്കുന്നതുവരെ നിങ്ങളെല്ലാവരും സഹകരിച്ചും സംഘടിച്ചും പ്രവർത്തിക്കുവിൻ."

നിങ്ങൾ നോക്കുക. ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ വഫാത്തിനുശേഷം അവിടന്ന് നമുക്ക് സുവാർത്ത അറിയിച്ചിരുന്നു. ഖിലാഫത്ത് എന്നെന്നും നിലനില്ക്കുമെന്നുത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. ഇൻശാഅല്ലാഹ്. ശത്രുക്കൾ രണ്ടു സന്തോഷങ്ങൾ ഒരിക്കലും കാണുകയില്ല. മസീഹ് മൗഊദിന്റെ മരണവാർത്ത അറിയുമ്പോൾ അതിൽ ശത്രുക്കൾ സന്തോഷിക്കുകയെന്നതാണ് ഒന്ന്. മസീഹ് മൗഊദിന്റെ മരണവാർത്തയറിഞ്ഞപ്പോൾ ആഹ്ലാദിച്ചവരുമുണ്ടായിരുന്നു. രണ്ടാമത്തേത് ജമാഅത്ത് നശിക്കുന്നതു കാണുക എന്നതാണ്. ഇതൊരിക്കലും അവർക്ക് കാണാൻ സാധിക്കുകയില്ല.- ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ വഫാത്തിനു ശേഷം ശത്രുക്കൾ ബഹളമുണ്ടാക്കി. അവർ വളരെ സന്തോഷത്തിലായിരുന്നു. എന്നാൽ 'മിൻ ബഅ്ദി ഖൗഫിഹിം അംനാ' എന്ന വാഗ്ദാനം ഉണ്ടായിരുന്നു. അതിന്റെ കാഴ്ച അല്ലാഹു നമുക്കു കാണിച്ചുതന്നു. ഹസ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) വയസ്സനായിപ്പോയെന്ന് ചിലർ കരുതിയിരുന്നു. ക്ഷീണിതനും ബലഹീനനുമായിരിക്കുന്നു. ഖിലാഫത്തിനെ നിയന്ത്രിക്കാൻ അദ്ദേഹത്തിന് കഴിയുകയില്ലായിരിക്കാം. ഖിലാഫത്തിന്റെ ഭാരം വഹിക്കാൻ സാധിക്കുകയില്ല എന്നാണ് അഞ്ചുമന്റെ ചില അംഗങ്ങൾ കരുതിയിരുന്നത്. അഞ്ചുമന്റെ കാര്യങ്ങൾ പറഞ്ഞു ബോധിപ്പിക്കാൻ തങ്ങൾ പ്രയാസപ്പെടും. കാരണം പ്രായം ചെന്ന വ്യക്തിയാണ്. പിന്നീട് അവർ കരുതിയത് കാര്യങ്ങൾ ഖലീഫത്തുൽ മസീഹിനെ കാണിച്ചാലും ഇല്ലെങ്കിലും ഒന്നും സംഭവിക്കുകയില്ലെന്നായിരുന്നു. എന്നാൽ, അല്ലാഹു ശത്രുക്കളുടെ, ആന്തരികവും ബാഹ്യവുമായ ശത്രുക്കളുടെ സംഘത്തിന് വിജയം നല്കിയില്ല. ആഭ്യന്തര ഫിത്നയെയും അടിച്ചമർത്തി. എങ്ങനെയാണ ഓരോ അവസരത്തിലും ആ ഫിത്നയെ ഖലീഫത്തുൽ മസീഹ് അവ്വൽ അടിച്ചമർത്തിയതെന്ന് ലോകം കണ്ടു. എത്ര

ശക്തമായിട്ടാണ് അതിനെ അമർച്ച ചെയ്തത്. ശത്രുക്കളുടെ വായടപ്പിച്ചത്. ഖലീഫത്തുൽ മസീഹ് അവ്വൽ (റ) പറയുന്നു. ഖിലാഫത്തിന്റെ തിരഞ്ഞെടുപ്പ് മനുഷ്യബുദ്ധിയുടെ ജോലിയല്ല. ആരുടെ ശക്തികളാണ് ഏറ്റവും നല്ലതെന്ന് ബുദ്ധിയ്ക്ക് തിരിച്ചറിയാൻ സാധ്യമല്ല. ആരിലാണ് സംഘടനാപാടവശക്തി തികവുറ്റനിലയിൽ വെച്ചിട്ടുള്ളതെന്നും അതിന് അറിയില്ല. അതുകൊണ്ട് അല്ലാഹു സ്വയം വിധിയെഴുതിയിരിക്കുന്നു, 'വഅദല്ലാഹുല്ലദീന ആമനു മിൻകും വഅമിലു സ്സ്വാലിഹാത്തി ലയസ്തഖലിഫന്നഹും ഫിൽ അർളി കമസ്തഖല ഫല്ലദീന മിൻ ഖബ്‌ലിഹിം' ഖലീഫയെ സൃഷ്ടിക്കുകയെന്നത് അല്ലാഹുവിന്റെ പ്രവൃത്തിയാണ്.

വഅദല്ലാഹുല്ലദീന ആമനു മിൻകും വഅമിലു സ്സ്വാലിഹാത്തി ലയസ്തഖലിഫന്നഹും ഫിൽ അർളി കമസ്തഖല ഫല്ലദീന മിൻ ഖബ്‌ലിഹിം. അവിടന്ന് പറഞ്ഞു: എന്നെ ഏതെങ്കിലും മനുഷ്യനോ അഞ്ചുമനോ ഖലീഫയാക്കിയിട്ടില്ല. ഖലീഫയെ സൃഷ്ടിക്കാൻ കഴിവുള്ളവരാണ് അഞ്ചുമനെന്നും ഞാൻ വിശ്വസിക്കുന്നില്ല. എന്നെ ഒരു അഞ്ചുമനും ഖലീഫയാക്കിയിട്ടില്ല. അതിനെ ഒട്ടും ഞാൻ വിലവെക്കുന്നുമില്ല. അവർ ഉപേക്ഷിക്കുന്നതിന്റെ മേൽ ഞാൻ തുപ്പുകപോലുമില്ല. ഈ ഖിലാഫത്തിന്റെ ശബ്ദം എന്നിൽ നിന്ന് തട്ടിപ്പറിച്ചെടുക്കാൻ ആർക്കും കഴിയുമില്ല.

വീണ്ടും ഖലീഫ അവ്വൽ (റ) പറയുന്നു: ഖലീഫയുടെ ജോലി നമസ്കരിപ്പിക്കുക, ബയ്അത്ത് വാങ്ങുക എന്നതു മാത്രമാണെന്ന് പറയുന്നു. ഈ ജോലി ഒരു മൊല്ലാക്കാക്ക് പോലും ചെയ്യാൻ കഴിയും. അതിനൊരു ഖലീഫയുടെ ആവശ്യമില്ല. ഇത്തരം ബയ്അത്തിന്റെ മേൽ ഞാൻ തുപ്പുകകൂടിയില്ല. ബയ്അത്ത് എന്ന് പറയുന്നത് പൂർണ്ണമായും അനുസരിക്കുക എന്നതാണ്. ഖലീഫയുടെ ഒരു കല്പനപോലും അവഗണിക്കാൻ പാടില്ല.

ഖലീഫത്തുൽ മസീഹ് അവ്വലിന്റെ ശക്തമായ ഈ താക്കീതും തുടർന്ന് അഞ്ചുമന്റെ മേൽ എടുത്ത നടപടിയുമെല്ലാം ലോകം കണ്ടതാണ്. അതായത് അതിലുണ്ടായിരുന്ന വാചകമടിക്കാരുടെ മേൽ എടുത്ത നടപടി. അവരെല്ലാം ഛിന്നഭിന്നമായി. കൈയിലൊന്നുമില്ലാതെ ഇരിക്കേണ്ടിവന്നു. എങ്കിലും അവസരം കിട്ടുമ്പോഴെല്ലാം എവിടെയെങ്കിലും ചെന്ന് ഫിത്ത്ന ഉണ്ടാക്കാനുള്ള ശ്രമം നടത്തിയിരുന്നു. പക്ഷേ, അവസാനം നാണക്കേടല്ലാതെ മറ്റൊന്നും അവർക്ക് കിട്ടിയില്ല.

പിന്നീട് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) ഇഹലോകവാസം വെടിഞ്ഞപ്പോൾ അക്കൂട്ടർ വീണ്ടും തലപൊക്കി. ഫിത്നയുണ്ടാക്കാനും ജമാഅത്തിൽ പിളർപ്പുണ്ടാക്കാനും ശ്രമിച്ചു. വിദ്യാസമ്പന്നരായ വലിയ വലിയ ആളുകളെ അവരുടെ വലയിൽ കുടുക്കി. കാരണം ഖിലാഫത്തിന്റെ തിരഞ്ഞെടുപ്പ് നടന്നാൽ ഹസ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് ഖലീഫയായി തിരഞ്ഞെടുക്കപ്പെടുമെന്ന് അവർക്കറിയാമായിരുന്നു. ഹസ്റത്ത് ഖലീഫത്തുൽ മസീഹ് സാനി (റ) ഈ ഫിത്ന അടിച്ചമർത്തുന്നതിനു വേണ്ടി, അഞ്ചുമന്റെ അംഗങ്ങളായ ഈ ബഹളക്കാരോട് ഖലീഫയാകാൻ തനിക്കൊരു താൽപര്യമില്ലെന്ന് പറയുകകൂടി ചെയ്തു; നിങ്ങൾ പറയുന്നയാൾക്ക് ബയ്അത്ത് ചെയ്യാൻ ഞാൻ തയ്യാറാണ്. ജമാഅത്ത് തിരഞ്ഞെടുക്കുന്നയാളെ ഖലീഫയായി അംഗീകരിക്കുന്നതാണ്. ഞാൻ പറഞ്ഞതുപോലെ, ഖിലാഫത്ത് തിരഞ്ഞെടുപ്പ് നടന്നാൽ ഹസ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ് തന്നെ ഖലീഫയാകുമെന്ന് അവർക്കറിയാമായിരുന്നു. അതുകൊണ്ട് അവർ ഈ ഭാഗത്തേക്ക് വരാൻ തയ്യാറായില്ല. ഇപ്പോൾ ഖലീഫയുടെ തിരഞ്ഞെടുപ്പ് നടത്തണ്ട, കുറച്ചുദിവസം ഇത് മാറ്റിവെയ്ക്കുക എന്നു പറഞ്ഞുകൊണ്ട് അവർ നടന്നു. ഒരു വിധത്തിലും ജമാഅത്തിന് ഇത് അംഗീകരിക്കാൻ പറ്റുമായിരുന്നില്ല. അങ്ങനെ ജമാഅത്ത് ഹസ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബിനെ ഖലീഫയായി തിരഞ്ഞെടുത്തു. അവിടത്തെ കൈയിൽ ബൈഅത്ത് ചെയ്തു. അപ്പോൾ എതിരാളികൾ മനസ്സിലാക്കിയിരുന്നത് 'വിദ്യാസമ്പന്നരും ഖജനാവുമെല്ലാം നമ്മുടെ കൈയിലാണ്, അതുകൊണ്ട് കുറച്ചുനാൾ കഴിഞ്ഞാൽ ഈ ജമാഅത്ത് നശിക്കും' എന്നായിരുന്നു. പക്ഷേ, അല്ലാഹു തആല വീണ്ടും അവന്റെ കൈവെച്ചു. ഭയപ്പാടിന്റെ അവസ്ഥ നീക്കി സമാധാനം കൊണ്ടുവന്നു. ശത്രക്കളെ അങ്ങേയറ്റം നിന്ദിതരാക്കി. അവരുടെ എല്ലാ അധ്വാനവും പരാജയപ്പെട്ടു.

പിന്നീട് ഖിലാഫത്തെ സാനിയുടെ കാലഘട്ടത്തിൽ 1934 ൽ ഒരു ഫിത്നയുണ്ടായി. അതിനെയും അല്ലാഹു തന്റെ അനുഗ്രഹം കൊണ്ടു അടിച്ചമർത്തി. ജമാഅത്തിന് ഒരു നഷ്ടവും വരുത്താൻ എതിരാളികൾക്കു കഴിഞ്ഞില്ല. തങ്ങൾ ചെയ്യുന്നതെന്താണെന്ന് അറിയുകയില്ലെന്ന് അവർ വീമ്പിളക്കിയിരുന്നു.

പിന്നീട് 1953 ൽ നടന്ന കലഹമാണ്. അപ്പോൾ പാക്കിസ്ഥാൻ വേറെ രാഷ്ട്രമായിക്കഴിഞ്ഞിരുന്നു. ഇപ്പോൾ ബ്രിട്ടീഷുകാർ പോയി, ഞങ്ങളാണ് ഭരിക്കുന്നതെന്ന് എതിരാളികൾ മനസ്സിലാക്കി. ഇനി ഇവിടെ ഞങ്ങൾ നീതിയോടു പെരുമാറുകയില്ലെന്ന് അവർ പറഞ്ഞു. അങ്ങനെ ജമാഅത്ത് അവസാനിക്കുമെന്ന് അവർ ആശിച്ചു. എന്നാൽ, പിന്നീട് അല്ലാഹു ആ ഭയാനകമായ അവസ്ഥയിൽനിന്ന് ജമാഅത്തിനെ രക്ഷിച്ചതും ശത്രുക്കൾ നിന്ദിതരായി നാശമടഞ്ഞതും ലോകം കണ്ടു. എന്നാൽ, അഹ്മദിയ്യാ ജമാഅത്ത് അല്ലാഹുവിന്റെ അനുഗ്രഹത്താൽ പുതിയ പ്രതാപത്തോടുകൂടി മുന്നോട്ടുകുതിച്ചു.

ഖലീഫത്തുൽ മസീഹ് സാനി (റ) യുടെ ഖിലാഫത്ത് 52 വർഷമായിരുന്നു. ഓരോ ദിവസവും പുതിയൊരു പുരോഗതിയുമായിട്ടാണ് അന്ന് ഉദിച്ചുയർന്നിരുന്നത്. നിരവധി ഭാഷകളിൽ വിശുദ്ധഖുർ

ആൻ പരിഭാഷപ്പെടുത്തി. വിദേശരാഷ്ട്രങ്ങളിൽ മിഷൻ നിലവിൽ വന്നു. ആഫ്രിക്കയിലും യൂറോപ്പിലും അദ്ദേഹത്തിന്റെ കാലത്ത് മിഷൻ സ്ഥാപിതമായിട്ടുള്ളത് നിങ്ങൾ വായിച്ചറിഞ്ഞിട്ടുള്ളതാണ്. അക്കാലത്ത് ഇന്നു കാണുന്ന സുസ്ഥിരമായ വ്യവസ്ഥിതി അത്ര ഇല്ലായിരുന്നു. വ്യക്തിഗതമായ താല്പര്യമെടുത്ത്, വ്യക്തിപരമായ നിർദ്ദേശം കൊടുത്ത് മുബല്ലിഗുമാർക്ക് നേരിട്ട് നിർദ്ദേശങ്ങൾ കൊടുത്തുകൊണ്ട്, അദ്ദേഹം ഈ വ്യവസ്ഥിതിയെ മുന്നോട്ടു നയിച്ചു. ഇന്ത്യയിലും പാക്കിസ്ഥാനിലും മാത്രമല്ല മറ്റു രാഷ്ട്രങ്ങളിലും പ്രത്യേകിച്ച് ആഫ്രിക്കയിൽ ലക്ഷക്കണക്കിന് ഭാഗ്യശാലികൾക്ക് അഹ്മദിയ്യത്ത് സ്വീകരിക്കാനുള്ള തൗഫീഖ് അല്ലാഹു നല്കി. അവർ നബി (സ) തിരുമേനിയുടെ കൊടിക്കീഴിൽ അണിനിരന്നു. പിന്നെ സംഘടനാപരമായ കാര്യങ്ങൾ എങ്ങനെയാണ് അച്ചിലിട്ട് വാർത്തെടുത്തതെന്ന് നോക്കുക. സദ്ർ അഞ്ചുമൻ അഹ്മദിയ്യായുടെ രൂപീകരണം - അത് മുമ്പേ ഉണ്ടായിരുന്നതാണ്. - അതിൽ പരിഷ്കരണം വരുത്തി. അഞ്ചുമൻ തങ്ങളെ അഞ്ചുമനായി മാത്രം മനസ്സിലാക്കുകയും, ഒരിക്കലും ഖിലാഫത്തിന് ഭീഷണിയാകാതിരിക്കുകയും ചെയ്യും വിധം അതിനെ വാർത്തെടുത്തു. പിന്നീട് ശാഖാ സംഘടനകളുടെ രൂപീകരണമാണ്. അൻസാറുല്ലാഹ്, ഖുദ്ദാമുൽ അഹ്മദിയ്യാ, ലജ്ന ഇമായില്ലാഹ് ഈ എല്ലാ സംഘടനകളേയും ദീർഘദൃഷ്ടിയിലൂടെ നോക്കിക്കണ്ടു; ഓരോ പ്രായക്കാർക്കും അവരുടെ പ്രായത്തിനനുസരിച്ച് ഉത്തരവാദിത്തബോധം ഉണ്ടാക്കുകയും, ഇപ്പോൾ തങ്ങളാണ് ജമാഅത്തിനെ നോക്കേണ്ടതെന്നും എല്ലാ ഫിത്നകളിൽനിന്നും അതിനെ രക്ഷിക്കേണ്ടതെന്നും മനസ്സിലാക്കുകയും അതനുസരിച്ച് നല്ല മാറ്റം ഉണ്ടാക്കണമെന്ന ബോധം അവരിൽ ഉണ്ടാകുകയും ചെയ്താൽ പിന്നെ അവർക്ക് നഷ്ടമുണ്ടാക്കാൻ ആർക്കും സാധിക്കുകയില്ലെന്ന് ആ മഹാത്മാവ് മനസ്സിലാക്കിയിരുന്നു. അതനുസരിച്ച് അവർക്ക് ശിക്ഷണം നല്കാനുള്ള ഏർപ്പാടുകൾ ചെയ്തു. നോക്കുക, ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ലോകരാഷ്ട്രങ്ങളിലെല്ലാം ഈ ശാഖാസംഘടനകൾ നിലവിലുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവർ പ്രവർത്തനനിരതരാണ്. അതിന്റെ ഭാഗമായി ഇന്ന് ജർമ്മനിയിലെ ഖുദ്ദാമുൽ അഹ്മദിയ്യായും ഇജ്തിമാ സംഘടിപ്പിച്ചിരിക്കുന്നത്. ഇതും സംഘടനാപരമായ ഒരു വലിയകാര്യമായിരുന്നു.

പിന്നീട് തഹ്‌രീകെ ജദീദിന്റെ സ്ഥാപനമാണ്. ഖാദിയാനിലെ ഓരോ ഇഷ്ടികയും ഇളക്കിയെടുക്കുമെന്ന് ശത്രുക്കൾ വീമ്പിളക്കിയിരുന്ന കാലമായിരുന്നു അത്. അതുകഴിഞ്ഞ് ഇതിന്റെ ഫലമായി വിദേശങ്ങളിൽ മിഷൻ സ്ഥാപിതമായി.

വഖ്ഫെ ജദീദിന്റെ സ്ഥാപനവും ഉണ്ട്. അത് പാക്കിസ്ഥാനിലേയും ഇന്ത്യയിലേയും ഗ്രാമങ്ങളിൽ തബ്ലീഗ് പ്രവർത്തനങ്ങൾക്കായിട്ടാണ് രൂപീകരിച്ചത്. ഇപ്പോൾ അത് സർവ്വലോകത്തും വ്യാപിച്ചിരിക്കുന്നു.

'ഇവൻ കുട്ടിയാണ്, ഇവന്റെ കൈയിൽ നിയന്ത്രണം കൊടുത്താൽ അതു നശിപ്പിക്കും അതുകൊണ്ട് അതനുവദിച്ചുകൂടാ' എന്ന് പറഞ്ഞ്, ജമാഅത്തിലെ പ്രഗത്ഭമതികളെന്ന് മനസ്സിലാക്കിയിരുന്ന ആളുകൾ തള്ളിക്കളഞ്ഞ ആ കുട്ടി ലോകത്ത് ഒരു വലിയ വിപ്ളവം തന്നെയുണ്ടാക്കി. ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ 'മേ തേരീ തബ്ലീഗ് കൊ ദുൻയാകെ കിനാരോം തക് പഹുംചാഊംഗാ' - ഞാൻ നിന്റെ പ്രബോധനത്തെ ലോകത്തിന്റെ അറ്റങ്ങളിലോളമെത്തിക്കും - എന്ന ഇൽഹാം മുഴുലോകത്തും പൂർത്തീകരിക്കുന്നവനുമായിത്തീർന്നു.

ഹസ്റത്ത് ഖലീഫത്തുൽ മസീഹ് സാനി (റ) പറയുന്നു:

ഖലീഫയെ നിശ്ചയിക്കുന്ന അവസരത്തിൽ അദ്ദേഹം എല്ലാ ചിന്താഗതികളേയും ഒരിടത്ത് സമ്മേളിപ്പിക്കേണ്ട ആളായതിനാൽ അദ്ദേഹത്തിന്റെ മൊത്തത്തിലുള്ള കഴിവിനെ നോക്കേണ്ടതാണ്. ഏതെങ്കിലും കാര്യത്തിൽ മറ്റൊരാൾ അയാളെക്കാൾ കഴിവുള്ളവനാകാം. ഒരു സ്കൂളിലെ ഹെഡ്മാസ്റ്ററെ നിശ്ചയിക്കുമ്പോൾ, അയാൾ നല്ലവണ്ണം പഠിപ്പിക്കുന്നവനാണോ, ഉന്നത ഡിഗ്രിയുള്ളവനാണോ എന്നുമാത്രമല്ല നോക്കുന്നത്. അയാളുടെ കീഴിലുള്ളവർ അയാളെക്കാൾ ഉയർന്ന ഡിഗ്രിയുള്ളവരാകാം. എന്നാൽ ഹെഡ്മാസ്റ്റർ എല്ലാ സംവിധാനങ്ങളും ഉണ്ടാക്കേണ്ടയാളാണ്. മുകളിലുള്ളവരുമായി എല്ലാ കാര്യത്തിലും ബന്ധപ്പെടേണ്ടയാളാണ്. ഈ എല്ലാകാര്യങ്ങളും നോക്കുകതന്നെവേണം.

ഇപ്രകാരം ആരാണോ അല്ലാഹുവിൽനിന്ന് ഖലീഫയാകുന്നത് അദ്ദേഹത്തിന്റെ മൊത്തതിലുള്ള കഴിവുകൾ നോക്കേണ്ടതാണ്. ഖാലിദിബ്നു വലീദിനെപ്പോലെ ആരെങ്കിലും വാളെടുത്ത് പെരുമാറിയിട്ടുണ്ടോ? എന്നാൽ ഖലീഫയായത് അബൂബക്കറാണ്. യൂറോപ്പിൽ എനിക്ക് ആധിപത്യമുണ്ടെന്ന് ആരെങ്കിലും പറഞ്ഞാൽ, അയാൾ ഖലീഫയ്ക്കർഹനാകുകയില്ല. അല്ലാഹു ആക്കുന്നവരാണ് ഖലീഫയാകുന്നത്. അല്ലാഹു തിരഞ്ഞെടുത്തയാൾ തിരഞ്ഞെടുക്കപ്പെട്ടു. ഖാലിദിബ്നു വലീദ് ഏഴാളേയും കൊണ്ട് ഏഴായിരം ആളുകളുടെ മേൽ വിജയം നേടി. ഹസ്റത്ത് ഉമർ അങ്ങനെ ചെയ്തില്ല. പക്ഷേ, ഖലീഫയായത് ഹസ്റത്ത് ഉമർ (റ) ആണ്. ഹസ്റത്ത് ഉസ്മാൻ (റ) ന്റെ കാലത്ത് യുദ്ധത്തിൽ നൈപുണ്യം നേടിയ വലിയ വലിയ സേനാപധിമാർ ഉണ്ടായിരുന്നു. ഒരാൾ മറ്റൊരാളെക്കാൾ മികച്ചവരായിരുന്നു. മുഴുലോകത്തെയും അവർ കീഴടക്കുകയും ചെയ്തു. പക്ഷെ, ഖലീഫയായത് ഹസ്റത്ത് ഉസ്മാൻ (റ) തന്നെയായിരുന്നു. ചിലർ ഗൗരവമുള്ളവരായിരിക്കാം. ചിലർ മൃദുല സ്വഭാവക്കാരായിരിക്കാം. ചിലർ അങ്ങേയറ്റം വിനയാന്വിതനായിരിക്കാം. ഇവരൊക്കെയായിട്ട് പെരുമാറേണ്ടിവരും. ഇതു മനസ്സിലാക്കാൻ

കഴിയുന്നത് അത്തരം കാര്യങ്ങൾ നേരിടേണ്ടിവരുമ്പോഴാണ്.ഖലീഫത്തുൽ മസീഹ് സാനി (റ) പറയുന്നു: അല്ലാഹു തആല ഖലീഫ സാലിസായി നിശ്ചയിക്കുന്ന ആൾക്ക് ഞാനിപ്പോൾ തന്നെ സുവാർത്ത അറിയിക്കുന്നു; അല്ലാഹുവിൽ വിശ്വസിച്ചുകൊണ്ട് അയാൾ എഴുന്നേറ്റുനിൽക്കുമ്പോൾ, ഭരണകൂടങ്ങൾ തന്നെഅയാളുമായി ഏറ്റുമുട്ടിയാലും ആ ഭരണകൂടം തകർന്നുപോകും.

നമ്മളതുകണ്ടു. ഏതേതെല്ലാം സർക്കാർ ജമാഅത്തുമായി ഏറ്റുമുട്ടിയോ അതെല്ലാം തകർന്നു. നാലാം ഖിലാഫത്തുകാലത്തും നാം ഈ അനുഗ്രഹങ്ങൾ കണ്ടു. മറ്റൊരുസ്ഥലത്ത് ഖലീഫത്തുൽ മസീഹ് സാനി (റ) ആറാമത്തെയും ഏഴാമത്തെയും ഖിലാഫത്തുവരെ പറഞ്ഞിട്ടുണ്ട്. പിന്നീട് ഞാനത് വിശദീകരിക്കുന്നതാണ്.

ഖലീഫത്തുൽ മസീഹ് സാനി (റ) പറയുന്നു: എല്ലാവരും ചേർന്ന് എടുക്കുന്ന ആളെ ജമാഅത്ത് സ്വീകരിക്കുന്നതാണ്. അതായത് ഖിലാഫത്തിന്റെ തിരഞ്ഞെടുപ്പിനെപറ്റിയാണ് പറയുന്നത്. ജമാഅത്തിൽ ആരെങ്കിലും ആ തിരഞ്ഞെടുക്കപ്പെട്ട വ്യക്തിയെ എതിർത്താൽ അവൻ രാജ്യദ്രോഹിയായിരിക്കും. ഖിലാഫത്തു തിരഞ്ഞെടുപ്പ് വരുമ്പോൾ നിശ്ചിതരീതിയനുസരിച്ച് ആരാണോ തിരഞ്ഞെടുക്കപ്പെടുന്നത്, അവരെ ഞാനിപ്പോൾ തന്നെ സുവിശേഷമറിയിക്കുന്നു: നിശ്ചിത നിയമമനുസരിച്ച് അവർ തിരഞ്ഞെടുക്കപ്പെട്ടാൽ അല്ലാഹു അയോളോടൊപ്പം ഉണ്ടായിരിക്കും. വലിയവരോ ചെറിയവരോ ആയ ആരെങ്കിലും അയാൾക്കെതിരിൽ എഴുന്നേറ്റാൽ അയാൾ നിന്ദിതനാകും, നശിപ്പിക്കപ്പെടും.

വീണ്ടും ഹസ്റത്ത് ഖലീഫത്തുൽ മസീഹ് സാനി (റ) പറയുന്നു: ഖലീഫയുടെ അർത്ഥം തന്നെ ഖലീഫയുടെ വായിൽ നിന്ന് എന്തെങ്കിലും വാക്കുകൾ പുറപ്പെട്ടാൽ മറ്റുള്ള എല്ലാ പദ്ധതികളും വലിച്ചെറിയുക എന്നതാണ്. ഖലീഫയുടെ പദ്ധതികൾ മാത്രമാണ് ശരിയെന്ന് മനസ്സിലാക്കി കൊണ്ട് അത് നടപ്പിൽ വരുത്താൻ ശ്രമിക്കുക. ഈ ആത്മാവ് ജമാഅത്തിൽ ഉണ്ടാകാത്തിടത്തോളം എല്ലാ പ്രസംഗങ്ങളും നിഷ്ഫലവും എല്ലാ പദ്ധതികളും നിരർത്ഥകവും എല്ലാ ഉപായങ്ങളും അപജയവുമായിരിക്കും.

ഹസ്റത്ത് ഖലീഫത്തുൽ മസീഹ് സാനി (റ) യുടെ വഫാത്തിനുശേഷം ഖിലാഫത്തെസാലിസായുടെ കാലംവന്നു. ഉള്ളിലും പുറത്തുമുള്ള ശത്രുക്കൾ വീണ്ടും സടകുടഞ്ഞെഴുന്നേറ്റു. പക്ഷെ എന്താണുണ്ടായത്?. ജമാഅത്തിൽ എന്തെങ്കിലും കുറവുണ്ടായോ?, ഒരിക്കലുമില്ല. അല്ലാഹു തആലാ തന്റെ വാഗ്ദാനമനുസരിച്ച് മുമ്പത്തേക്കാൾ ഉപരി അനുഗ്രഹങ്ങളുടെ കവാടങ്ങൾ തുറന്നുതരികയാണ് ചെയ്തത്. മിഷനുകൾ വീണ്ടും വർദ്ധിച്ചു; ആഫ്രിക്കയിലും യൂറോപ്പിലും. ഹസ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്) അല്ലാഹുവിന്റെ കല്പനയനുസരിച്ച് നുസ്റത്ത് ജഹാം സ്കീം വിളമ്പരം ചെയ്തു; ഒരു സ്വപ്നമനുസരിച്ച്. ആശുപത്രികൾ തുടങ്ങി. സ്കൂളുകൾ ആരംഭിച്ചു. ആശുപത്രികളിൽ ലക്ഷക്കണക്കിന് രോഗികൾ സുഖം പ്രാപിച്ചു പോയി. അവർ വലിയ വലിയ സർക്കാർ,സ്വകാര്യ ആശുപത്രികൾ ഉപേക്ഷിച്ചുകൊണ്ട് നമ്മുടെ ദൂരെയുള്ള ഗ്രാമങ്ങളിലെ ആശുപത്രികളിൽ ചികിത്സയ്ക്കായി എത്തുന്നു; സർക്കാർ ഉദ്യോഗസ്ഥന്മാർപോലും ഇവിടേക്കു വരുന്നു. എന്തുകൊണ്ട്?. നമ്മുടെ ആശുപത്രികളിൽ ജീവിതം വഖ്ഫ് ചെയ്ത് ചികിത്സ നടത്തുന്ന ഡോക്ടർമാർ വളരെ ശ്രദ്ധയോടും ഉത്സാഹത്തോടും കൂടി പ്രവർത്തിക്കുന്നു. അവരുടെ പിന്നിൽ കാലത്തിന്റെ ഖലീഫയുടെ ദുആയുടെ അംശവുമുണ്ട്. അല്ലാഹു തആലാ തന്റെ ഖലീഫയുടെ ദുആ സ്വീകരിക്കുന്നു. ഈ ഉത്സാഹത്തോടെ എവിടെ ഒരു ഉദ്യോഗസ്ഥൻ പ്രവർത്തിച്ചാലും,അതായത് ഞാൻ ദീനീ സേവനമാണ് ചെയ്യുന്നത്, എന്റെ പിന്നിൽ കാലത്തിന്റെ ഇമാമിന്റെ ദുആയുണ്ട് എന്നഉദ്ദേശ്യത്തോടെ പ്രവർത്തിച്ചാൽ അല്ലാഹു അതിൽ അതിരറ്റ അനുഗ്രഹം ചൊരിയു ന്നതാണ്.

നമ്മുടെ സ്കൂളുകളിൽ നിന്ന് പഠനം പൂർത്തിയാക്കി ആയിരക്കണക്കിന് കുട്ടികൾ പുറത്തുവന്നിട്ടുണ്ട്. അവർ വലിയ വലിയ ഉദ്യോഗം വഹിക്കുന്നു. ഘാനയിലെ ഡപ്യൂട്ടി മിനിസ്റ്റർ ഓഫ് എനർജിയും നമ്മുടെ സ്കൂളിൽ പഠിച്ചയാളാണ്. കുറച്ചുവർഷം അദ്ദേഹവും അഹ്മദിയ്യാ സ്കൂളിൽ പഠിച്ചിരുന്നു. ഉപരിപഠനത്തിന് അദ്ദേഹം മറ്റൊരു സ്കൂളിൽ പോയി, അതും അഹ്മദിയ്യാ സ്കൂൾ തന്നെയായിരുന്നു. ഇന്ന് അല്ലാഹു അദ്ദേഹത്തിന് വലിയ വലിയ പദവി നൽകിയനുഗ്രഹിച്ചിരിക്കുന്നു. ഇപ്രകാരം തന്നെ ഒരുപാടാളുകൾ വേറെയുമുണ്ട്. ആഫ്രിക്കൻ രാഷ്ട്രങ്ങളിൽ പോയാൽ ഇവ വ്യക്തമായും മനസ്സിലാക്കാൻ കഴിയും. ഡോക്ടറാണെങ്കിലും ടീച്ചറാണെങ്കിലും എല്ലാവരും ഒരേയാരു ഉത്സാഹ ത്തോടെ പ്രവർത്തിക്കുന്നു. എന്തു പ്രവർത്തി ചെയ്യുകയാണെങ്കിലും ദുആ ചെയ്യണം, അല്ലാഹുവിൽ നിന്ന് അനുഗ്രഹം തേടണം, ഖലീഫത്തുൽ മസീഹിന് എഴുതികൊണ്ടിരിക്കണം ആ മഹാത്മാ വിന്റെ ദുആയിലും ഭാഗഭാക്കാകുന്നതിനുവേണ്ടി എന്ന ബോധമാണ് അവർക്കുള്ളത് ഇതിന്റെ ഫലമാണ് ആ അനുഗ്രഹങ്ങളെല്ലാം.

ആഫ്രിക്കൻ രാഷ്ട്രങ്ങളിലുള്ള നമ്മുടെ സ്കൂളുകളും കോളേജുകളും അല്ലാഹുവിന്റെ അനുഗ്രഹത്താൽ തബ്ലീഗിന്റെ മാർഗ്ഗമായിരിക്കുകയാണ്. ഇന്നലെ ഇവിടെ സിറാലിയോണിൽ നിന്ന് ഒരു സ്ത്രീ തന്റെ കുട്ടിയോടൊപ്പം എന്നെ കാണാൻ വന്നിരുന്നു. അവർ പറഞ്ഞു: ഞങ്ങളുടെ കുടുംബത്തിൽ ഇസ്ലാമിനെകുറിച്ച് ആർക്കും അറിയുമായിരുന്നില്ല. അഹ്മദിയ്യാ സ്കൂളിൽ പഠിച്ചു. അവിടെ നിന്ന് അഹ്മദിയത്തിനെ കുറിച്ച് മനസ്സിലായി.

വളരെ ആത്മാർത്ഥതയും അതിയായ കൂറും അവർ പ്രകടിപ്പിച്ചുകൊണ്ടിരിന്നു. വളരെ മുഖ്‌ലിസായ സ്ത്രീയാണവർ. ഇപ്രകാരം ആയിരക്കണക്കിന്, ലക്ഷക്കണക്കിന് ആളുകളുണ്ട്. അവർ ഈ സ്കൂളുകളിൽ പഠിച്ച് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്തിൽ പ്രവേശിച്ചു. ഇന്ന് അതിൽ നിന്ന് അനുഗ്രഹം പറ്റുന്നു. ഖിലാഫത്തെ സാലിസായിൽ നോക്കുക. 1974 ൽ കലഹമുണ്ടായി. അഹ്മദിയ്യത്ത് അതോടെ കുഴിച്ചുമൂടപ്പെട്ടു എന്നാണ് അവർ കരുതിയത്. അമുസ്ലിംകളായി അഹ്മദികളെ പ്രഖ്യാപിക്കാൻ നിയമം കൊണ്ടുവന്നു. എന്നിട്ടെന്തുണ്ടായി. ഒരുപാടാളുകളെ ശഹീദാക്കി. ജീവനഷ്ടത്തോടൊപ്പം സാമ്പത്തിക നഷ്ടവുമുണ്ടാക്കി. വ്യവസായങ്ങൾ കൊള്ളയടിച്ചു വീടുകളും കടകളും തീവെച്ചു നശിപ്പിച്ചു. ഫാക്ടറികൾക്ക് തീവെച്ചു. എന്നിട്ട് എന്താണുണ്ടായത്. അഹ്മദിയ്യത്ത് അതോടെ അവസാനിച്ചോ?. ആദ്യത്തേക്കാൾ കൂടുതൽ അഹ്മദികളുടെ വാദങ്ങൾക്ക് വേഗം കൂടി. മകന്റെ മുന്നിലിട്ട് പിതാവിനേയും പിതാവിന്റെ മുന്നിലിട്ട് മകനേയും വകവരുത്തി. അവരുടെ കുടുംബത്തിലെ മറ്റ് അംഗങ്ങൾ അഹ്മദിയത്ത് ഉപേക്ഷിച്ചു പോയിക്കളഞ്ഞോ?. അവരിൽ സ്ഥിരചിത്തതയും ആത്മാർത്ഥതയും വർദ്ധിക്കുകയാണ് ഉണ്ടായത്. ജമാഅത്തുമായിട്ട് കൂടുതൽ ബന്ധം അവർക്കുണ്ടായി. ശത്രുക്കളുടെ ഒരു പരിപാടിയും അവർക്ക് വിജയത്തിലെത്തിക്കാൻ കഴിഞ്ഞില്ല. ഒരാളുടെ ഈമാനിനും ഇളക്കമുണ്ടായില്ല.

ജീവനഷ്ടം ഉണ്ടായവർക്ക്, അതുമുഖേന വിഷമം അനുഭവിക്കേണ്ടിവന്ന കുടുംബാംഗങ്ങൾക്ക് ആ നന്മയിൽ നിലനി ന്ന കാരണത്താൽ എന്തായാലും അടുത്തലോകത്ത് അല്ലാഹു പ്രതിഫലം നൽകുക തന്നെ ചെയ്യും, ഈലോകത്തും അവർക്ക് അതിരറ്റ് നൽകിയിരിക്കുന്നു; സാമ്പത്തികാടിസ്ഥാനത്തിലും, സത്യവിശ്വാസത്തിന്റെ അടിസ്ഥാനത്തിലും. പാക്കിസ്ഥാനിൽ ഉറച്ചുനിന്നവർക്കും അല്ലാഹു നല്ല വണ്ണം അനുഗ്രഹം നൽകി. പലരും എഴുതി അറിയിക്കുന്നുണ്ട്. ആയിരക്കണക്കിന് മുതൽ മുടക്കിയിരുന്നവർ ഇപ്പോൾ ലക്ഷക്കണക്കിനും, ലക്ഷക്കണക്കിനു മുതൽ മുടക്കിയിരുന്നവർ ഇപ്പോൾ കോടിക്കണക്കിനും ആസ്തിയുള്ളവരായി തീർന്നിരിക്കുന്നു. നിങ്ങളും അവിടെ നിന്ന് പുറപ്പെട്ടു വന്നത് ഇക്കാരണത്താൽ തന്നെയാണ്. അവിടെ ഞരുക്കവും വിഷമവും ഉണ്ടായ സന്ദർഭത്തിൽ ഇവിടെ വരാൻ അല്ലാഹു നിങ്ങളെ സഹായിച്ചു. അന്നത്തെ അവസ്ഥയും ഇന്നത്തെ അവസ്ഥയും തമ്മിൽ തട്ടിച്ചുനോക്കിയാൽ നിങ്ങൾക്ക് വത്യാസം സ്വയം കാണാൻ കഴിയും; അല്ലാഹു എത്രമാത്രം അനുഗ്രഹമാണ് നിങ്ങളിൽ ചെയ്തിട്ടുള്ളത്. സാമ്പത്തികാടിസ്ഥാനത്തിൽ അല്ലാഹു നിങ്ങളെ എത്രമാത്രം ശക്തമാക്കിയിരിക്കുന്നു. അതു നിങ്ങളോട് ആവശ്യപ്പെടുന്നത് അല്ലാഹുവിന്റെ മുമ്പിൽ വീണ്ടും നിങ്ങൾ കുനിയുക എന്നാണ്. അവന്റെ ആരാധകനായി ജീവിക്കുക. നിങ്ങളുടെ സന്താനങ്ങളിലും ഈ ചൈതന്യമുണ്ടാക്കുക. ഈ അനുഗ്രഹം നിങ്ങൾ പാക്കിസ്ഥാനിൽ അനുഭവിച്ച ആ ഞെരുക്കത്തിന്റെയും വിഷമത്തിന്റെയും അനുഗ്രഹമാണ്.

സൽക്കർമ്മങ്ങളനുഷ്ഠിക്കണമെന്ന നിബന്ധന എപ്പോഴുമുണ്ട്, എപ്പോഴും നിലനിൽക്കുന്നുവെന്ന കാര്യം ഓർക്കുക.

പിന്നീട് ഖിലാഫത്തെ റാബിയായുടെ കാലം വന്നു. കലഹങ്ങളും കുഴപ്പങ്ങളുമുണ്ടാക്കാൻ ശത്രുക്കൾ ശ്രമിച്ചു. പക്ഷെ ജമാഅത്ത് ഒറ്റകെട്ടായി നിന്നു. പിന്നീട് ആ ഭയാവസ്ഥയെ അല്ലാഹു സമാധാനത്തിലേക്ക് മാറ്റി. ഖിലാഫത്തെ റാബിയ സ്ഥാനമേറ്റ് ഒന്നുരണ്ടുവർഷം കഴിഞ്ഞപ്പോൾ എതിരാളികൾ ഉണർന്നുവന്നു. ഒന്നുരണ്ടു ദിവസം അതു ശക്തി കാണിച്ചു. പിന്നെതണുത്തു ആ പദ്ധതിപരാജയപ്പെ ട്ടുമെന്ന് കണ്ടപ്പോൾ 1984 ൽ വേറൊരു പദ്ധതിയ്യാറാക്കി. ഖലീഫത്തുൽ മസീഹിന്റെ കൈയ്യും കാലും കെട്ടി നിശബ്ദനാക്കുക എന്നതായിരുന്നു പദ്ധതി. ഒരു ജോലിയും ചെയ്യാൻ അനുവദിക്കാതിരിക്കുക. പ്രവർത്തനം ഇല്ലാതാകുമ്പോൾ ജമാഅത്ത് അംഗങ്ങൾ അസ്വസ്ഥരാകും. ജമാഅത്ത് അംഗങ്ങൾ അസ്വസ്ഥരാകുമ്പോൾ അത് ഛിന്നഭിന്നമാകും.

എന്നാൽ അല്ലാഹു അവരുടെ എല്ലാ പദ്ധതികളും അട്ടിമറിച്ചുകളഞ്ഞു. ഹസ്റത്ത് ഖലീഫത്തുൽ മസീഹിന് അവിടെ നിന്ന് പുറത്തുക്കടക്കാനുള്ള എല്ലാവഴികളും അല്ലാഹു തുറന്നു കൊടുത്തു. ഒളിച്ചോടി എന്നു പറയാൻ ആർക്കും കഴിയില്ല. തുറന്ന അന്തരീക്ഷത്തിൽ പുറപ്പെട്ടു. എല്ലാവരും കാൺകെ പുറപ്പെട്ടു. കറാച്ചിയിൽ നിന്ന് പകലോ അതിരാവിലേയോയായിരുന്നു വിമാനം എന്നാണ് എനിക്ക് തോന്നുന്നത്. വിമാനത്തിൽ തടയാനുള്ള ശ്രമം നടന്നു. പക്ഷെ അല്ലാഹു അവരുടെ കണ്ണുകൾ കെട്ടികളഞ്ഞു. അവർക്ക് തിരിച്ചറിയാൻ കഴിഞ്ഞില്ല. ജമാഅത്തിന്റെ സത്യതയ്ക്ക് ഇതിനേക്കാൾ വലിയ മറ്റെന്തുതെളിവാണുവേണ്ടത്. നബി (സ) തിരുമേനി മക്കയിൽ നിന്ന് ഹിജറത്ത് ചെയ്തപ്പോൾ ഉണ്ടായ കാഴ്ച്ചകളിൽ ചിലത് നാം ഈ ഹിജ്റത്തിന്റെ സമയത്ത് ദർശിച്ചു. ഇതു മുഖേന നമ്മുടെ ഈമാൻ കൂടുതൽ വർദ്ധിച്ചു. അതിനു ശക്തികൂടി. ഇവിടെ എത്തിയതിനു ശേഷം വിദേശങ്ങളിൽ ജമാഅത്തിനെ, മിഷനെ സംഘടനാപരമായി ശക്തിപ്പെടുത്തുന്നതിനുള്ള ശ്രമമായിരുന്നു. അതുപേലെ തന്നെ ദഅ്‌വത്തെ ഇലല്ലായുടെ പ്രവർത്തനം വളരെ വിശാലമായിതീർന്നു. ലക്ഷക്കണക്കിന്, കോടിക്കണക്കിനാളുകൾ ജമാഅത്തിൽ ചേരാൻ തുടങ്ങി. പന്നീട് എം.ടി.എ ആരംഭിച്ചു. ഒരു രാജ്യത്ത് ഖലീഫത്തുൽ മസീഹിന്റെ ശബ്ദം അമർച്ച ചെയ്യാൻ ശ്രമിച്ചപ്പോൾ, എം.ടി.എ മുഖേന മുഴുലോകത്തും

ആ ശബ്ദം എത്തിച്ചു. ശത്രുക്കളുടെ കുതന്ത്രങ്ങൾ അവരിലേക്കുതന്നെ മടങ്ങി. പാക്കിസ്ഥാനിലെ റബ്‌വയിൽ മാത്രമാണ് ഖലീഫത്തുൽ മസീഹിന്റെ ഖുത്ബ നേരിട്ടു കേട്ടിരുന്നത്. ഇപ്പോൾ എല്ലാ പട്ടണങ്ങളിലും എല്ലാ ഗ്രാമങ്ങളിലും എല്ലാ വീടുകളിലും ഈ ശബ്ദം എത്തികൊണ്ടിരിക്കുന്നു. പിന്നീട് ആഫ്രിക്കയിൽ ജനസേവനം വളരെ വിശാലമാക്കി. ചുരുക്കത്തിൽ അതൊരു അങ്ങേയറ്റം അഭിവൃദ്ധിയുടെ കാലമായിരുന്നു. ഓരോ പുതിയ പുരോഗതിയുമായിട്ടായിരുന്നു ഓരോ ദിവസവും പുലർന്നിരുന്നത്. മനുഷ്യൻ അവന്റെ പ്രവൃത്തികൾ ചെയ്യുമ്പോൾ, അല്ലാഹു തന്റേതായ പ്രവർത്തനം കാണിക്കുന്നു. മനുഷ്യന്റെ ചിന്തയ്ക്ക് ഒരിക്കലും അത്രത്തോളമെത്താൻ കഴിയുകയില്ല.

ഖലീഫത്തുൽ മസീഹ് റാബിഅ് (റ) വഫാത്തായപ്പോൾ ഇതു നശിച്ചുവെന്ന് ചിലർ കരുതി. കാരണം ജമാഅത്തിനെ മുന്നോട്ടു നയിക്കാൻ പറ്റിയ ആളെയൊന്നും ബാഹ്യമായി നോക്കിയാൽ കാണുന്നില്ല. പക്ഷെ, അല്ലാഹുവിന്റെ ഖുദ്റത്തിന്റെ കാഴ്ച്ചകൾ എല്ലാവരും കണ്ടു. കുട്ടികളും യുവാക്കളും പുരുഷൻമാരും സ്ത്രീകളുമെല്ലാം തങ്ങളുടെ ഈമാൻ ശക്തിപ്പെടുത്തി. എത്രത്തോളമെന്നാൽ അഹ്മദികളായവരും അനഹ്മദികളായവരും എം.ടി.എയിലൂടെ അതുകണ്ടു. നിങ്ങളുടെ ഈ വ്യവസ്ഥതികളെല്ലാം കണ്ട് ഞാൻ അത്ഭുതപ്പെ ട്ടുപോയെന്ന് ഒരു സിക്കുകാരൻ പറഞ്ഞതായി ലണ്ടനിൽ ആരോ എന്നോടു പറഞ്ഞു. പാക്കിസ്ഥാനിൽ നമ്മുടെ ഡോക്ടർ നൂരി സാഹിബിന്റെ അടുക്കൽ, ഒരു പീറോ മറ്റോ ആണെന്നു തോന്നുന്നു. ചികിത്സക്കായി വന്നു. വിവരങ്ങളെല്ലാം അദ്ദേഹം ചേദിച്ചു. എന്നിട്ട് ഞാനും എം.ടി.എയിൽ ഇതെല്ലാം കണ്ടിരുന്നുവെന്ന് പറഞ്ഞു. പരസ്യമായി കാണുകയില്ല, ഒളിഞ്ഞിരുന്ന് കാണും എന്ന്. പൊതുവെ പറയുന്നതുപോലെ ശത്രക്കളും അതെല്ലാം കണ്ടു. ആകാഴ്ചകളെല്ലാം അത്ഭുതകരമായിരുന്നു. സംസാരിച്ചുകൊണ്ട് അയാൾ പറഞ്ഞു, അഹ്മദിയ്യാജമാഅത്ത് സത്യം തന്നെയാണ്. എന്നാലും അഹ്മദിയ്യാ ജമാഅത്ത് സത്യമല്ലെന്നുതന്നെയാണ് ഞാൻ വിശ്വസിക്കുന്നത്. പക്ഷെ അല്ലാഹുവിന്റെ ആദ്യത്തെ സാക്ഷ്യം നിങ്ങളോടൊപ്പമാണെന്ന് എനിക്കുറപ്പായി. അല്ലാഹുവിന്റെ ആദ്യ സാക്ഷ്യം ഞങ്ങൾക്കനുകൂലമാകുമ്പോൾ പിന്നെന്താണ് വേണ്ടത്. ഇതു കണ്ണിൽ മറവീണിരിക്കുന്നവരുടെകാര്യമാണ് ഹൃദയത്തിൽ മറവീണിട്ടുള്ളവരുടെകാര്യമല്ല.

ഭൗതീക ദൃഷ്ടികൊണ്ട് നോക്കിയാൽ- ഒരുപക്ഷെ അവർ ഇതിലേക്കു നോക്കുകയേയില്ല, നോക്കാനിഷ്ടപ്പെടുകയില്ല-അങ്ങനെയൊരാളെ അല്ലാഹു ഖിലാഫത്തു സ്ഥാനത്തുകൊണ്ടുവന്നു. പക്ഷെ അല്ലാഹു ദുനിയാവിനെ ആഗ്രഹിക്കുന്നവനല്ല. ഹസ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) പറഞ്ഞതുപോലെ: നല്ലവണ്ണം ഓർമ്മിച്ചുകൊള്ളുക. ഖലീഫയെ സൃഷ്ടിക്കുന്നത് അല്ലാഹുവാണ്. ഖലീഫ മനുഷ്യനാൽ നിശ്ചയിക്കപ്പെട്ടവ്യക്തിയാണെന്ന് പറയുന്നവൻ അസത്യവാനാണ്. ഖലീഫത്തുൽ മസീഹ് മൗലവി നൂറുദ്ദീൻ സാഹിബ് തന്റെ കാലഘട്ടത്തിൽ ആറു വർഷം ഈ പ്രശ്നത്തിനുമേൽ ശക്തിചെലുത്തികൊണ്ടിരുന്നു, ഖലീഫയെ നിശ്ചയിക്കുന്നത് അല്ലാഹുവാണ്; മനുഷ്യനല്ല. വാസ്തവത്തിൽ വിശുദ്ധഖുർആൻ നല്ലവണ്ണം ചിന്തിച്ചു പഠിക്കുമ്പോൾ മനസ്സിലാകുന്നത് ഒരിടത്തുപോലും മനുഷ്യനുമായി ബന്ധപ്പെടുത്തി അത് പറഞ്ഞിട്ടില്ല. മറിച്ച് എല്ലാതരം ഖലീഫമാരെയും സംബന്ധിച്ച് അല്ലാഹു പറഞ്ഞിരിക്കുന്നത് അവരെ നാം നിയോഗിക്കുന്നുവെന്നാണ്.

വീണ്ടും പറയുന്നു: അല്ലാഹു ആരെയാണോ ഖിലാഫത്തിന്റെ സ്ഥാനത്ത് നിയോഗിക്കുന്നത് അവൻ അയാൾക്ക് കാലത്തിനനുസരിച്ച് അറിവും നൽകുന്നു; അയാൾ മഠയനും അജ്ഞനും വിഡ്ഢിയുമാണെങ്കിൽ തന്നെയും. ഇതിന്റെ അർത്ഥം ഖലീഫയെ നിയോഗിക്കുന്നത് അല്ലാഹുതന്നെയാണെന്നാണ്. അതിന്റെ അർത്ഥം തന്നെ ഒരാളെ അല്ലാഹു ഖലീഫയാക്കുമ്പോൾ അയാൾക്ക് തന്റെ സവിശേഷ ഗുണങ്ങൾ നൽകുന്നു എന്നാണ്. അയാൾക്ക് അവൻ തന്റെ ഗുണങ്ങൾ നൽകുന്നില്ലെങ്കിൽ അല്ലാഹു താൻ തന്നെയാണ് ഖലീഫയെ നിയോഗിക്കുന്നത് എന്നതിന്റെ അർത്ഥമെന്താണ്?.

ഞാൻ എന്നെ നോക്കുമ്പോൾ, എന്റെ യോഗ്യതയും മറ്റും നോക്കുമ്പോൾ, എന്നെക്കാളധികം എന്റെ അല്ലാഹു, എന്റെ ഉള്ളിലെന്താണെന്നത് അറിയുന്നവനാണ്. അപ്പോൾ ഓരോ നിമിഷവും അല്ലാഹുവിന്റെ ഖുദ്റത്ത് ഓർമ്മ വരുന്നു. ആദരണീയനായ മഹ്മൂദ് അഹ്മദ് സാഹിബ് ഒരു പദ്യശകലം കേൾപ്പിക്കുകയുണ്ടായി.

മുത്സ്കൊ ബസ്ഹെ മേരാ മൗലാ, മേരാ
മൗലാ മുത്സ്കോബസ്
കിയാ ഖുദ്ദാ കാഫീ നഹീഹെ ശഹാദത്ത്
ദേഖ്ലീ.

ഇതിന്റെ പശ്ചത്തലം ഞാൻ മനസ്സിലാക്കുന്നത് ഇങ്ങനെയാണ്. അലയ്സല്ലാഹു എന്നെഴുതിയ മോതിരത്തിലുള്ള അല്ലാഹു മതിയായവനല്ലെ, എന്ന ശഹാദത്തോടു കൂടിയ മോതിരം ഖലീഫത്തുൽ മസീഹിന് ലഭിക്കുന്നു. ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ മൂന്നുമോതിരം മൂന്നുമക്കൾക്ക് ലഭിക്കുകയുണ്ടായി. മൗലാബസ് എന്ന ഇൽഹാം മുദ്രണം ചെയ്ത മോതിരം മിർസാ ശരീഫ് അഹ്മദ് സാഹിബിനു ലഭിച്ചു. അതിനുശേഷം അതെന്റെ പിതാവ് സാഹിബ് സാദാ മിർസാ മൻസൂർ അഹ്മദ് സാഹിബിനുകിട്ടി. അദ്ദേഹം വഫാത്തായപ്പോൾ എന്റെ ഉമ്മ എനിക്കതുതന്നു. ഞാനതു സൂക്ഷിച്ചു വെച്ചിരിക്കുകയായിരുന്നു. വിരലിലിടുമായിരു ന്നില്ല. എന്നാൽ ഖിലാഫത്തു തിരഞ്ഞെടുപ്പിനുശേഷം

ഞാനിത് ഇടാൻതുടങ്ങി. മൗലാബസ് എന്നതിന്റെ കാഴ്ച്ചയും അല്ലാഹു തന്റെ ദാസന് മതിയായവനല്ലെ എന്നതിന്റെ വെളിപ്പെടലും ഓരോ നിമിഷവും ഞാൻ എന്നിൽ കാണുന്നു. അതല്ലാതെ നോക്കിയാൽ എനിക്ക് ഒരു വിലയുമില്ല. എന്നോടുള്ള സ്നേഹം ജനഹൃദയങ്ങളിലുണ്ടാ ക്കിയത് അല്ലാഹുവാണ്. ഒരു മനുഷ്യനും സ്നേഹമുണ്ടാക്കാൻ കഴിയുകയില്ല.

ഹസ്റത്ത് മസീഹ് മൗഊദ് പറഞ്ഞതു പോലെ എതിരാളികളുടെ കളവായ രണ്ടു സന്തോഷങ്ങളെ ഇല്ലാതക്കികാണിക്കുക എതിരാളികളുടെ സന്തോഷ ങ്ങളെ അല്ലാഹു എത്രമാത്രമാണ് നിരാശയാ ക്കിമാറ്റിയത്. ഇപ്പോൾ എതിരാളികളും ബഹളം വെയ്ക്കുന്നു. ചില കപടവിശ്വാസികളും ചില കാര്യങ്ങൾ പറഞ്ഞു നടക്കുന്നു. അവർ എത്രവേണ മെങ്കിലും ബഹളം വെച്ചോട്ടെ, എത്രവേണമെങ്കിലും ശക്തിചെലുത്തിക്കോട്ടെ, ഖിലാഫത്ത് അല്ലാഹു നൽകിയി ട്ടുള്ളതാണ് അല്ലാഹു ഇച്ഛിക്കുന്നതുവരെ അത് നിലനിൽക്കും. അവനിച്ഛിക്കുമ്പോൾ എന്നെ ഉയർത്തുന്നതാണ്. പുതിയ ഖലീഫ വരുന്നതാണ്. പക്ഷെ ഞാൻ ഖലീഫത്തുൽ മസീഹ് അവ്വലിന്റെ വാക്കുകളിൽ പറയുന്നു: ഖലീഫയെ മാറ്റുകയെന്നത് ഒരു മനുഷ്യന്റെയും കഴിവിൽപെട്ടതല്ല. ഫിത്ന ഉണ്ടാക്കി വിജയം നേടാനും കഴിയുകയില്ല. ജമാഅത്ത് അല്ലാഹുവിന്റെ അനുഗ്രഹത്താൽ വളരെ ശക്തമാണ്. ശക്തമായി പണിതിട്ടുള്ള ഭിത്തിപോലെ യാണ്. ആഫ്രിക്കയിൽ ഞാൻ പര്യടനം നടത്തുകയു ണ്ടായി. എന്നെ ഒരിക്കലും കണ്ടിട്ടിലാത്തവർ പോലും വർഷങ്ങളായിട്ട് കണ്ടിട്ടില്ലാത്ത ബന്ധുക്കളെകാണുന്നതുപോലുള്ള സന്തോഷ ത്തോടെയാണ് എന്റെയടുത്ത് വന്നത്. ഇതെല്ലാം എന്താണ്?. അവരുടെ മുഖത്ത് സന്തോഷത്തിന്റെ പ്രകടനം ഞാൻ കണ്ടത് എന്താണ് യാത്രയുടെ വിഷമങ്ങളും ദുരിതങ്ങളും സഹിച്ച് അവർ വന്നു. ഇതെല്ലാം എന്താണ്?. ജനങ്ങളെ കാണിക്കുന്നതിനു വേണ്ടിയാണോ?. ഇതെല്ലാം ഖിലാഫത്തിനോടുള്ള സ്നേഹമാണ്. ദൂരസ്ഥലങ്ങളിൽ താമസിക്കുന്ന ആളുകളിലും അല്ലാഹു ഈ സ്നേഹം ഉണ്ടാക്കിയി രിക്കുന്നു. ഏതൊന്നിനെ അല്ലാഹു സൃഷ്ടിക്കുന്നു വോ അതിനെ മനുഷ്യന്റെ പരിശ്രമം കൊണ്ട് അകറ്റാൻ കഴിയുന്നതെങ്ങനെ?. എത്രവേണമെങ്കി ലും പയറ്റികൊള്ളുക. സ്ത്രീകളെയും കുട്ടികളെയും പുരുഷൻമാരെയും കരഞ്ഞുകൊണ്ട് ഞങ്ങളെ നോക്കുന്നത് ഞാൻ കണ്ടു. ഇതെല്ലാം ഖിലാഫ ത്തിനോടു നിലനൽക്കുന്ന സ്നേഹമൊന്നു മാത്രമാണ്. കുട്ടികൾ അങ്ങോടും ഇങ്ങോടും ഒടിനടന്ന് ഇടയ്ക്ക് ഓടിവന്ന് സ്നേഹത്തോടെ കെട്ടിപിടിക്കുന്നു. ഇത് അല്ലാഹു അവരുടെ ഉള്ളിൽ സൃഷ്ടിച്ചതാണ്. അതാരെങ്കിലും പറഞ്ഞുകൊടുത്ത് ചെയ്യിച്ചാൽ അങ്ങനെയാകുകയില്ല. അവരുടെ മാതാപിതാക്കൾ ആ കുട്ടികളെ കെട്ടിപ്പിടിക്കുന്നു. ഖലീഫത്തുൽ മസീഹ് തങ്ങളുടെ കുട്ടിളെ കെട്ടിപിടിച്ചു എന്ന ഒറ്റകാരണത്താലാണത്.

ഇതെല്ലാം അഹ്മദിയ്യത്ത് സത്യമാണെന്നതി നുള്ള തെളിവാണ്. കണ്ണിൽ കാഴ്ച്ചയുള്ളവർക്ക് ഇതു കാണാൻ കഴിയും. കുറച്ചുപേർ മുർത്ത ദ്ദായി പ്പോകുകയോ അല്ലെങ്കിൽ കപടപരമായ കാര്യങ്ങൾ സംസാരിക്കുകയോ ചെയ്താൽ നമുക്കതൊരു പ്രശ്നമേയല്ല. ഒരു നിർഭാഗ്യൻ പോകുകയാണെ ങ്കിൽ പോകട്ടെ. അതു നല്ലതാണ്. പുകഞ്ഞകൊള്ളി പുറ ത്ത്. അവൻ തന്റെ ദുഷിച്ച അന്ത്യത്തിലേക്കാണ് ചുവടുവെക്കുന്നത്. അതായിരുന്ന അവന്റെ വിധി. അതിലേക്കാണവൻ പോകുന്നത്. പക്ഷെ ഒന്നു പോകുമ്പോൾ അതിനു പകരം അല്ലാഹു നൂറുകണക്കിനു നല്ല ആത്മാക്കളെ അഹ്മദിയത്തിൽ കൊണ്ടുവരുന്നു. ഓർമ്മിച്ചുകൊള്ളുക. അവൻ സത്യമായ വാഗ്ദാനം ചെയ്യുന്ന അല്ലാഹുവാകുന്നു. അവൻ ഇന്നും ആ പ്രയപ്പെട്ടമസീഹിന്റെ പ്രിയ ജമാഅത്തിന്റെമേൽ കൈവെച്ചിരിക്കുന്നു. അവൻ ഒരിക്കലും നമ്മളെ ഉപേക്ഷിച്ചുകളയുകയില്ല. ഒരിക്കലും ഉപേക്ഷിക്കുകയില്ല. ഒരിക്കലും ഉപേക്ഷിക്കുകയില്ല. അവൻ തന്റെ മസീഹിനോടു ചെയ്ത വാഗ്ദാനം ഇന്നും പൂർത്തിയാക്കികൊണ്ടി രക്കുന്നു; മുൻ കാലങ്ങളിൽ ചെയ്തിരുന്നതുപോലെ ഇൻശാ അല്ലാഹ് അവൻ കടാത്ക്ഷിച്ചുകൊണ്ടിരി ക്കുന്ന താണ്.

എവിടെയെങ്കിലും ഒരു വ്യക്തി അല്ലാഹുവിന്റെ കല്പനയനുസരിച്ച് ജീവിക്കാതെ സ്വയം വഞ്ചിതനാകാൻ പാടില്ല. സ്വയം നഷ്ടപ്പെടുത്തികളയാൻ പാടില്ല.അതുകൊണ്ട് ദുആയിൽ മുഴുകി, അവനിൽ നിന്ന് അവന്റെ അനുഗ്രഹം തേടികൊണ്ട് എപ്പോഴും അവന്റെ പടിക്കൽ വീണുകിടക്കുക. ഈ ശക്തമായ വളയത്തെ കൈയ്യിട്ട് മുറുകെ പിടിക്കുക. അങ്ങനെയായാൽ നിങ്ങളുടെ രോമത്തെ സ്പർശിക്കാൻപോലും കഴിയുകയില്ല. അല്ലാഹു എല്ലാവർക്കും ഇതിനു തൗഫീഖ് നൽകുമാറാകട്ടെ. ആമീൻ.

JUMA KHUTHUBA
HADHRAT MIRZA MASROOR AHMAD
KHALIFATHUL MASIH - V
on 14 - 05 - 2004 at
Germany.

Translated by : Moulavi Muhammad Ismail. H.A Fort Kochi
*Page Layout & Type Set* : Majlis Khuddamul Ahmadiyya, Kakkanad
*Published by* : **Majlis Khuddamul Ahmadiyya, Kerala**